# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.156/2024** **തിരുവനന്തപുരം, തീയതി: 15/07/2024**


## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രവേശനം 2024-2025

### സപ്ലിമെന്ററി/കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 16.07.2024 വരെ അവസരം

ഒന്നാം വർഷ ബി.എഡ്. പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും 2024 ജൂലൈ 16 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്. നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ. മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർക്കും, നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി അലോട്ട്മെന്റിൽ താൽപ്പര്യമുള്ളപക്ഷം ആയതിലേക്ക് പരിഗണിക്കപ്പെടുന്നതിലേക്കായി ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം ഓപ്ഷനുകൾ നൽകേണ്ടതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ. ആദ്യ രണ്ട് ഘട്ട അലോട്ട്മെന്റുകളിലും അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. പുതിയ ഓപ്ഷനുകൾ നൽകുന്ന വിദ്യാർത്ഥികളുടെ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസലാകുന്നതാണ്. ടി വിദ്യാർത്ഥികൾ പുതിയ ഓപ്ഷനുകൾ നൽകാത്തപക്ഷം ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതാണ്. നിലവിൽ ഏതെങ്കിലും ഘട്ടത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്നപക്ഷം പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല, പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം രണ്ട് അഡ്മിഷനും നഷ്ടമാകുന്നതാണ്. തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷൻസ് നൽകുന്നതിന് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് (Aided) കോളേജുകളിലെ ബി.എഡ്. കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 2024 ജൂലൈ 16 വരെ ഓപ്ഷൻസ് നൽകാവുന്നതാണ്. ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരും, നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടി.സി. വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.

## ബി.എഡ്. പ്രവേശനം 2024 – 2025 കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് (Aided) കോളേജുകളിൽ കമ്മ്യൂണിറ്റിക്വാട്ട അലോട്ട്മെന്റിലേക്കായി ഓപ്ഷൻ നൽകാവുന്നതാണ്

- കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എഡ്. എയ്ഡഡ് (Aided) കോളേജുകളിലെ ബി. എഡ്. കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ള കമ്മ്യൂണിറ്റിക്വാട്ട ലിങ്ക് വഴി 2024 ജൂലൈ 16 വരെ പുതിയ ഓപ്ഷനുകൾ നൽകേണ്ടതാണ്.
- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും, അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ എല്ലാവരും കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷനുകൾ നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.
- മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ് സി.എസ്.ഐ. മധ്യകേരള മഹാ ഇടവകയുടെ കീഴിൽ വരുന്ന എയ്ഡഡ് കോളേജായതിനാൽ സി.എസ്.ഐ. മധ്യ കേരളം കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുന്ന, ജനറൽ ക്രിസ്ത്യൻ, ചേരമർ ക്രിസ്ത്യൻ, സാംബവ ക്രിസ്ത്യൻ എന്നീ വിഭാഗക്കാർ നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തീകരിച്ച അപേക്ഷാർത്ഥികൾ മാവേലിക്കര പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലേക്ക് കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേഷിക്കാവുന്നതാണ്.

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2024 ബി.എ. മ്യൂസിക്, ബി.പി.എ. കോഴ്സ് രണ്ടാം ഘട്ട – അഭിരുചി പരീക്ഷ (Aptitude Test)

ശ്രീ സ്വാതിതിരുനാൾ ഗവ. മ്യൂസിക് കോളേജിലെ ബി.പി.എ. കോഴ്സിലേക്കും നീറമൺകര എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ് കോളേജ് ഫോർ വിമൺ, വഴുതക്കാട് ഗവൺമെന്റ് കോളേജ് ഫോർ വിമൺ, കൊല്ലം എസ്.എൻ. കോളേജ് ഫോർ വിമൺ എന്നീ കോളേജുകളിൽ ബി.എ മ്യൂസിക് കോഴ്സിലേക്കും 2024-25 അദ്ധ്യയന വർഷത്തിലേക്കുള്ള

പ്രവേശനത്തിനുള്ള രണ്ടാംഘട്ട അഭിരുചി പരീക്ഷ (Aptitude Test) 2024 ജൂലൈ 17 മുതൽ ജൂലൈ 19 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024-25

## അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 2024 ജൂലൈ 18 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.ടി കോളേജുകളിലെ 2024-25 അധ്യയന വർഷത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2024 ജൂലൈ 18 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in ) സന്ദർശിക്കുക..

## രണ്ടാംഘട്ട പ്രവേശനം

കേരളസർവകലാശാലക്ക് കീഴിൽ കാര്യവട്ടം കാമ്പസ്സിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ കേരള (ഐ.എം.കെ.), സി.എസ്.എസ്. സ്കീമിൽ എം.ബി.എ. (ജനറൽ) എം.ബി.എ. (ട്രാവൽ & ടൂറിസം), എം.ബി.എ. (ഷിപ്പിംഗ് & ലോജിസ്റ്റിക്സ്) കോഴ്സുകളിലേക്ക് 2024-2026 ബാച്ച് പ്രവേശനത്തിന് MBA-General - SC-2, ST-2, EWS (BPL) - 1, MBA-Travel and Tourism - SC-6 , ST-2, SEBC-EZHAVA -2, SEBC-MUSLIM -1, EWS (BPL)-4, MBA - Shipping and Logistics SC-1, ST-1, EWS (BPL) - 1 ഒഴിവുകളിലേക്ക് രണ്ടാംഘട്ട പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2024 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. സോഷ്യോളജി (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2021, 2019 അഡ്മിഷൻ & മേഴ്സിചാൻസ് – 2018, 2017 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ./ബി.കോം./ബി.ബി.എ. എൽ.എൽ.ബി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2024 ജൂലൈ 21 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2024 ആഗസ്റ്റിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.എ./ ബി.എസ്സി./ബി.കോം. ന്യൂ ജനറേഷൻ ഡബിൾ മെയിൻ കോഴ്സുകളുടെ (റെഗുലർ – 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2020 അഡ്മിഷൻ) പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2024 ജൂലൈ 22 വരെയും 150 രൂപ പിഴയോടെ ജൂലൈ 25 വരെയും 400 രൂപ പിഴയോടെ ജൂലൈ 27 വരെയും SLCM മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്‌സി./ബി.കോം. (റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2019-2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2013-2016, 2018 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2024 ജൂലൈ 22 വരെയും 150 രൂപ പിഴയോടെ ജൂലൈ 25 വരെയും 400 രൂപ പിഴയോടെ ജൂലൈ 27 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജൂലൈ 18, 19 തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി (2023 അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജൂലൈ 22 മുതൽ 25 വരെ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് രണ്ടാംഘട്ട പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠന കേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സിലേക്ക് 2024-25 വർഷത്തെ രണ്ടാം ഘട്ട പ്രവേശനത്തിന് 2024 ജൂലൈ 19 ന് രാത്രി 10 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ **www.admissions.keralauniversity.ac.in**.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**